LIBRARY ARCHIVES Kerala Legislative Assembly

യൂറിയയുടെ സബ്സിഡി നിരക്കിലുള്ള വിതരണം

194 (1666) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് യൂറിയ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നുണ്ടോ;

(ബി) എങ്കിൽ പലപ്പോഴും ഇത് കർഷകരിലെത്തുന്നില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പൊതു വിപണിയിൽ വിലക്കൂടുതലുള്ള യൂറിയ ഇടനിലക്കാർ വാങ്ങിക്കൂട്ടി പ്ലൈവുഡ് കമ്പനികൾക്ക് മറിച്ചു വിൽക്കുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) യഥാർത്ഥ കർഷകർക്ക് കുറഞ്ഞ നിരക്കിൽ ലഭിക്കേണ്ട യൂറിയ മറിച്ചു വിൽക്കുന്നതുമൂലം കാർഷിക മേഖലയിലുണ്ടാകുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഇ) യൂറിയ പോലുള്ള വളങ്ങൾ കർഷകർക്ക് വിതരണം ചെയ്യുന്നതിന് കാർഷിക മേഖലയിൽ ഉണ്ടാകുന്ന ഇത്തരം പ്രതിസന്ധികൾ യഥാസമയം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) കർഷകർക്ക് കുറഞ്ഞ നിരക്കിൽ ലഭിക്കേണ്ട യൂറിയ മറിച്ചുവിൽക്കുന്നതുമൂലം കാർഷിക മേഖലയിലുണ്ടാകുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ താഴെപ്പറയുന്നു:

1. കൃഷിഭവൻ തലത്തിൽ പ്രവർത്തിക്കുന്ന കൃഷി ആഫീസർമാർ കൃഷി ഭവൻ പരിധിയിൽ പ്രവർത്തിക്കുന്ന വളം ഡിപ്പോകൾ കൃത്യമായും പരിശോധിക്കുന്നതിനും കാർഷിക ഇതര ആവശ്യങ്ങൾക്ക് വളം വിതരണം ചെയ്യുന്നുണ്ടെങ്കിൽ ഡീലർമാരുടെ പേരിൽ നടപടി എടുക്കുന്നതിനും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

2. ജില്ലാതലത്തിൽ കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഇ&റ്റി), അസിസ്റ്റന്റ് ഡയറക്ടർ (ക്യു.സി) എന്നിവരും ഡിപ്പോകളിൽ പരിശോധന നടത്തുകയും വളങ്ങളുടെ വിൽപ്പനയിൽ അപാകത കണ്ടെത്തുന്ന ഡിപ്പോകൾക്കെതിരെ നടപടി എടുക്കുകയും ചെയ്തുവരുന്നുണ്ട്.

3. ജില്ലാതലത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ നേതൃത്വത്തിൽ ഉള്ള ജില്ലാതല കമ്മിറ്റി ഡിപ്പോകളിൽ കാലാകാലങ്ങളിൽ പരിശോധന നടത്തുകയും അപാകതകൾ കണ്ടെത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചുവരുന്നുമുണ്ട്.

(ഇ) യൂറിയ പോലുള്ള വളങ്ങൾ കാർഷിക ഇതര മേഖലകളിൽ വിതരണം ചെയ്യുന്നത് കണ്ടെത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് നിലവിലുള്ള പരിശോധനാ സംവിധാനം ശക്തിപ്പെടുത്തി ഊർജ്ജിതമായി സംസ്ഥാനത്ത് നടപ്പിലാക്കുന്നതാണ്.

കുട്ടനാട് പാക്കേജ്

195 (1667) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിമൂന്നാം ധനകാര്യ കമ്മീഷൻ കുട്ടനാട് പാക്കേജിനായി അനുവദിച്ച തുക എത്രയെന്നും ഇതിൽ ചെലവായത് എത്രയെന്നും അറിയിക്കുമോ; ഇതിൻ പ്രകാരം നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണ്;

(ബി) പ്രസ്തുത പദ്ധതികൾക്കുള്ള സംസ്ഥാന വിഹിതം എത്രയാണ്;

(സി) കുട്ടനാട് പാക്കേജിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) കുട്ടനാട് പാക്കേജിന്റെ പ്രവർത്തനം നിലച്ചതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രവർത്തനം നിലയ്ക്കാനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) പതിമൂന്നാം ധനകാര്യ കമ്മീഷന് കീഴിൽ കുട്ടനാട് പാക്കേജിനായി 300 കോടി രൂപ അനുവദിക്കുകയും ഇതിൽ നാളിതുവരെ 214.1138 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ബി) 100% കേന്ദ്രവിഹിതമാണ്.

(സി) കുട്ടനാട് പാക്കേജിലെ പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനായി സർക്കാർ മൂന്ന് തലത്തിലുള്ള കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ചീഫ് സെക്രട്ടറി, കാർഷികോല്പാദന കമ്മീഷണർ എന്നിവർ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly